**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 819** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ പുറമ്പോക്കിൽ നിൽക്കുന്ന പാഴ്മരങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സർക്കാർ പുറമ്പോക്കിൽ നിൽക്കുന്ന പാഴ്മരങ്ങൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ അവ മുറിച്ചുമാറ്റുന്നതിന് വനംവകുപ്പ് നിശ്ചയിക്കുന്ന വില തടസ്സമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ പുറമ്പോക്കിൽ നിൽക്കുന്ന മരങ്ങൾ ബന്ധപ്പെട്ട അധികാരികൾ അപേക്ഷ നൽകുന്നതനുസരിച്ച് തടിയുടെ അളവും ഗുണനിലവാരവും അടിസ്ഥാനമാക്കി സർക്കാർ നിശ്ചയിച്ചിട്ടുള്ള സീനിയറേജ് റേറ്റ് അടിസ്ഥാനമാക്കിയാണ് വനം വകുപ്പ് മരങ്ങളുടെ വില കണക്കാക്കുന്നത്.

**(ബി)** പ്രസ്തുത പ്രദേശങ്ങളിലെ ഇത്തരം മരങ്ങളുടെ വില പുനർ-നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സാധാരണ പാഴ്മരങ്ങൾക്ക് വനം വകുപ്പ് വില നിശ്ചയിക്കുമ്പോൾ നാട്ടിലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട മരങ്ങൾക്കുള്ള വില നിലവാരം കൂടി പരിഗണിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ മരങ്ങൾക്ക് ഇനം, അളവുകൾ, ഗുണനിലവാരം എന്നിവ അനുസരിച്ച് വിൽപ്പന വഴി വനംവകുപ്പിന് ലഭിക്കുന്ന ശരാശരി വില (മാർക്കറ്റ് റേറ്റ്) അടിസ്ഥാനമാക്കിയാണ് സീനിയറേജ് റേറ്റ് ഓരോ വർഷവും സർക്കാർ നിശ്ചയിക്കുന്നത്.

**(ഡി)** ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ അങ്ങാടിക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കോമ്പൗണ്ടിൽ കിടന്നിരുന്ന മരത്തടികൾ നീക്കം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അങ്ങാടിക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റണമെന്ന ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ റേഞ്ച് ഫോറസ്റ്റ് ഓഫീസർ വിലനിർണയ റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ട്. ലേല നടപടികൾ, മരത്തടികൾ നീക്കംചെയ്യൽ ഉൾപ്പെടെയുള്ള എല്ലാ തുടർനടപടികളും സ്വീകരിക്കേണ്ടത് അതാത് വകുപ്പുകളാണ്.

**സെക്ഷൻ ഓഫീസർ**